# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 6886 13.7.2012- ലെ മറുപടിയ്ക്ക്**

**ജപ്പാൻ കുടിവെള്ള പദ്ധതി**

**ചോദ്യം**

ശ്രീ. വർക്കല കഹാർ
ശ്രീ. സി.പി.മുഹമ്മദ്
ശ്രീ. റ്റി.എൻ.പ്രതാപൻ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

(എ) ഡോളർ - രൂപ വിനിമയ നിരക്കിൽ വന്ന വ്യത്യാസം കാരണം ജപ്പാൻ കുടിവെള്ള പദ്ധതി സംസ്ഥാനത്തിന് എങ്ങനെ യാണ് പ്രയോജന പ്പെട്ടത് എന്ന് വിശദമാക്കുമോ;

(ബി) ഇതുമൂലം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് ലാഭമുണ്ടായത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത തുക എങ്ങനെ വിനിയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**മറുപടി**

പി.ജെ.ജോസഫ്
(ജലവിഭവവകുപ്പ് മന്ത്രി)

(എ), (ബ) & (സി)

ജപ്പാൻ കുടിവെള്ള പദ്ധതിയ്ക്ക് അംഗീകരിച്ച വായ്പാ സഹായം 67043 മില്യൺ ജാപ്പനീസ് യെൻ ആണ്. ഇത് താഴെപ്പറയുന്ന നാലു ഘട്ടമായാണ് അനുവദിക്കുന്നത്.

| | | |
|---|---|---|
| ഒന്നാം ഘട്ട വായ്പ | - | 11822 മില്യൺ |
| രണ്ടാം ഘട്ട വായ്പ | - | 32777 മില്യൺ |
| മൂന്നാം ഘട്ട വായ്പ | - | 12727 മില്യൺ |
| നാലാം ഘട്ട വായ്പ | - | 9717 മില്യൺ |
| മൊത്തം | - | 67043 മില്യൺ |

ഇതുവരെ മൂന്നാം ഘട്ടം വരെയുള്ള വായ്പയ്ക്ക് കരാർ ഒപ്പിട്ടു കഴിഞ്ഞു. ഒന്നാം ഘട്ടവായ്പാ സഹായം 11822 മില്യൺ യെൻ പൂർണ്ണമായും വിനിയോഗിച്ചു കഴിഞ്ഞു. രണ്ടും മൂന്നും ഘട്ട വായ്പ പ്രകാരമുള്ള തുകകൾ ഉപയോഗിച്ചാണ് ഇപ്പോൾ പദ്ധതിയുടെ ബാക്കി പണികൾ നടത്തിവരുന്നത്. യെൻ - രൂപ വിനിമയനിരക്കിൽ വന്ന വ്യത്യാസം കാരണം നാലാം ഘട്ടം ഒഴികെയുള്ള വായ്പ തുകയായ 57326 മില്യൺ യെൻ ഉപയോഗിച്ച് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്. പദ്ധതി ചെലവ് 2987.40 കോടിരൂപയായാണ് കണക്കാക്കി യിട്ടുള്ളത്. ഇതിൽ 2664.7 കോടി രൂപ വായ്പയും 322.7 കോടി രൂപ കേരള സർക്കാർ വിഹിതവുമാണ്. വായ്പ തുകയായ 2664.7 കോടി രൂപയ്ക്ക്, 57326 മില്യൺ യെൻ മതിയാകും. അതിനാൽ നാലാം ഘട്ട വായ്പയായി ലഭിക്കാനുള്ള 9717 മില്യൺ ജാപ്പനീസ്യെൻ മറ്റ് പദ്ധതികൾക്കുവേണ്ടി ഉപയോഗിക്കാ നുള്ള സാദ്ധ്യത ആരാഞ്ഞു വരുന്നു.

സെക്ഷൻ ആഫീസർ